MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.CI/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്
2026 നവംബർ 19

തെയ്യത്തെ കുറിച്ച് പ്രബന്ധം അവതരിപ്പിക്കാൻ രാജേഷ് കോമത്ത് ഇറ്റലിയിൽ

കോട്ടയം: ഇറ്റലിയിലെ വെറോനാ സർവകലാശാലയിൽ നവംബർ 19 മുതൽ 21 വരെ നടക്കുന്ന രാജ്യാന്തര സമ്മേളനത്തിൽ പങ്കെടുക്കാൻ മഹാത്മാഗാന്ധി സർവകലാശാല സാമൂഹികശാസ്ത്ര പഠനവിഭാഗം പ്രൊഫസറും സിൻഡിക്കേറ്റ് അംഗവുമായ ഡോ. രാജേഷ് കോമത്തിന് ക്ഷണം. വെറോണ സർവകലാശാലയിലെ സ്കൂനെ റിസർച്ച് സെന്റർ സംഘടിപ്പിക്കുന്ന 'തിയേറ്റർ ആൻഡ് ആന്ത്രപ്പോളജി' എന്ന സമ്മേളനത്തിലാണ് രാജേഷ് തെയ്യത്തെ ആസ്പദമാക്കിയുള്ള പ്രബന്ധം അവതരിപ്പിക്കുന്നത്.

തലശ്ശേരി കൂരാറ ഗ്രാമത്തിൽ ജനിച്ച രാജേഷ് കോമത്ത് തെയ്യം കലാകാരനും നരവംശശാസ്ത്ര ഗവേഷകനുമാണ്. തെയ്യത്തിലൂടെയും തെയ്യം കെട്ടുകാരുടെ ജീവിതത്തിലൂടെയും കേരളീയ സാമൂഹിക ജീവിതത്തിന്റെ വിവിധ തലങ്ങൾ അനാവരണം ചെയ്യുന്ന 'നാട്ടുദൈവങ്ങൾ സംസാരിച്ചു തുടങ്ങുമ്പോൾ' എന്ന കൃതിയുടെ രചയിതാവ് കൂടിയാണ് രാജേഷ്.

പി.ആർ.ഒ/1040/2026

അധ്യാപക നിയമനം; അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ സ്കൂളുകളിലായി അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലെ നിയമനത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. മുൻ വിജ്ഞാപനങ്ങൾ പ്രകാരം അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.
www.facultyrecruitment.mgu.ac.in വഴി ഡിസംബർ 17-നകം ഓൺലൈനായി അപേക്ഷിക്കണം. രേഖകൾ സഹിതമുള്ള അപേക്ഷയുടെ പകർപ്പുകൾ ഡിസംബർ 31-നകം സർവകലാശാലയിൽ ലഭിക്കണം. വിശദവിവരങ്ങൾക്ക് www.mgu.ac.in സന്ദർശിക്കുക.
പി.ആർ.ഒ/1041/2026

കോഴ്സ് മെന്റർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിൽ ഓൺലൈൻ ബി.ബി.എ. ഓണേഴ്സ് പ്രോഗ്രാമിലേക്ക് കരാറടിസ്ഥാനത്തിൽ കോഴ്സ് മെന്ററുടെ (ഒരു ഒഴിവ്, OC) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ബന്ധപ്പെട്ട വിഷയത്തിൽ കുറഞ്ഞത് 55% മാർക്കോടെയുള്ള ബിരുദാനന്തരബിരുദവും നെറ്റ് അല്ലെങ്കിൽ പി.എച്ച്.ഡി യുമാണ് യോഗ്യത. പ്രതിമാസ വേതനം ₹40,000. പ്രായപരിധി 2026 ജനുവരി ഒന്നിന് 50 വയസ്സ് കവിയരുത് (നിയമാനുസൃത ഇളവുകൾ ബാധകം). പ്രാരംഭ കരാർ കാലാവധി ഒരു വർഷമാണ് (പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ 2 വർഷം കൂടി ദീർഘിപ്പിക്കാം). നിശ്ചിത അപേക്ഷാഫോറവും അനുബന്ധ രേഖകളുടെ സ്കാൻ ചെയ്ത പകർപ്പുകളും സഹിതം നവംബർ 28 വരെ recruitmentada7@mgu.ac.in എന്ന ഇ-മെയിലിലേക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്.
പി.ആർ.ഒ/1042/2026

യൂണിയൻ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ (2025-2026) പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം നവംബർ 19ന് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യൂണിയൻ കൗൺസിലർമാരുടെ നിർദ്ദിഷ്ട പ്രൊഫോർമകൾ, നാളിതുവരെ സർവ്വകലാശായിൽ സമർപ്പിക്കാത്ത കോളേജുകൾ, ഉടൻ തന്നെ സർവ്വകലാശാലയിലെ ഇലക്ഷൻ വിഭാഗത്തിൽ സമർപ്പിക്കേണ്ടതാണ്.
പി.ആർ.ഒ/1043/2026

പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.വോക് ഫാഷൻ ഡിസൈൻ ആൻഡ് മാനേജ്മെന്റ്, ഫാഷൻ ടെക്നോളജി, ഫാഷൻ ടെക്നോളജി ആൻഡ് മെർച്ചൈൻഡൈസിംഗ് (പുതിയ സ്കീം-2024 അഡ്മിഷൻ റഗുലർ, 2020 -2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018,2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 30 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
പി.ആർ.ഒ/1044/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഫിലിയേറ്റ്ഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽഎൽബി (2025 അഡ്മിഷൻ റഗുലർ, 2021 - 2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2018, 2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഡിസംബർ 1 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 2 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 3 വരെയും അപേക്ഷ സ്വീകരിക്കും.
പി.ആർ.ഒ/1045/2026

പരീക്ഷാകേന്ദ്രം അനുവദിച്ചു

നവംബർ 25 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എ, എം. എസ്.സി., എം കോം. (പിജിസിഎസ്എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷയുടെ വിജ്ഞാപനം സർവ്വകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

നവംബർ 23 മുതൽ ഹാൾടിക്കറ്റുകൾ സെന്ററുകളിൽ നിന്ന് ലഭ്യമാകും. വിദ്യാർത്ഥികൾ, രജിസ്റ്റർ ചെയ്ത സെന്ററിൽ നിന്നും ഹാൾ ടിക്കറ്റുകൾ വാങ്ങി അതേ സെന്ററിൽ പരീക്ഷ എഴുതണം.
പി.ആർ.ഒ/1046/2026
പബ്ലിക് റിലേഷൻസ് ഓഫീസർ